അരാകുളം സ്കീം

*ക ൦ ൫൩. (൫ക) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂരിലെ 'അരാകുളം' സംബന്ധിച്ച ഒരു സ്കീം ടെക്സ്റ്റൈൽ നബോർഡിന്റെ ഈയിടെ അയച്ചുകിട്ടിയിട്ടുണ്ടോ;

(ബി) അന്വേഷണം നടത്തിയോ;

(സി) പ്രസ്തുത സ്കീം നടപ്പിൽ വരുത്തുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇങ്ങനെ ഒരു സ്കീം കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

(ബി & സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ഇട്ടിര അമ്മുക്കൻ: സ്കീമുകളെ സംബന്ധിച്ച് പ്രാരംഭാന്വേഷണങ്ങൾ നടത്തുന്നത് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അത് സ്കീമിന്റെ സ്വഭാവം അനുസരിച്ചിരിക്കും. പി. ഡബ്ലിയു. ഡി.യുടെ ചുമതലയിൽപ്പെട്ടതാണെങ്കിൽ അതു ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥന്മാരായിരിക്കും അന്വേഷിക്കുന്നത്.

ശ്രീ. ഇട്ടിര അമ്മുക്കൻ: പ്രാരംഭാന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ ചെയർമാൻതന്നെയാണെന്ന് ഗവണ്മെന്റ് ധരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു വാസ്തവവിരുദ്ധമാണ്. അതു കൊണ്ട് അങ്ങിനെ ധരിക്കേണ്ട ആവശ്യമില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കൃഷിക്ക് ഉപയോഗപ്പെടുന്ന സ്കീമുകളെപ്പറ്റി കഴിയുന്നതും വേഗത്തിൽ അന്വേഷണങ്ങൾ നടത്താൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെതന്നെയാണ് ഗവണ്മെന്റ് ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

റോഡുപണി

*ക ൦ ൫൪. (൫ഖ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂരിലെ എറിയാട്-പടാകുളം റോഡിന്റെ കിഴക്കെ അറ്റത്തെ വളവുകൾ അപായകരമാണെന്ന് ഗവണ്മെന്റിന് അറിയാമോ;

(ബി) പടാകുളത്തിന് സമീപമുള്ള കയ്യേറ്റങ്ങൾ (encroachments) ഒഴിവാക്കുവാൻ ലാൻഡ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വളവുമാറ്റി റോഡു ശരിപ്പെടുത്തേണ്ട ആവശ്യമുണ്ട്. അതിനു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) പടാകുളത്തിനുസമീപം യാതൊരു കയ്യേറ്റങ്ങളും നടന്നിട്ടി-

LIBRARY ARCHIVES Kerala Legislative Assembly